**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3492** **12-03-2025 - ൽ മറുപടിയ്ക്ക്**

**കയ്പമംഗലം മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കയ്പമംഗലം മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളെയാണ് ഇതുവരെ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയതെന്ന് വ്യക്തമാക്കുമോ; | (എ) | മതിലകം, പെരിഞ്ഞനം, എടത്തിരുത്തി, എടവിലങ്ങ്, എറിയാട് പഞ്ചായത്തുകളെയാണ് ഇതുവരെ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (ബി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് എന്തൊക്കെ പ്രവൃത്തികളാണ് മണ്ഡലത്തിൽ നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | ഇടവിള കൃഷി പ്രോത്സാഹനം, (വാഴ, ഇഞ്ചി, മഞ്ഞൾ, കുരുമുളക്, ചേന), മോട്ടോർ പമ്പ്സെറ്റ് വിതരണം, തെങ്ങുകയറ്റ യന്ത്ര വിതരണം, വെർമി കമ്പോസ്റ്റ്, കേടായ തെങ്ങ് വെട്ടിമാറ്റൽ , കുമ്മായം, രാസവളം, ജൈവവളം, മഗ്നീഷ്യം സൾഫേറ്റ് വിതരണം, തെങ്ങിന്റെ തടം തുറക്കൽ എന്നി പ്രവർത്തികളാണ് കേരഗ്രാമം പദ്ധതിയിലൂടെ മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ളത്. |
| (സി) | മണ്ഡലത്തിലെ ഏതൊക്കെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാണ് കേരഗ്രാമം പദ്ധതി ഇതുവരെ നടപ്പിലാക്കാത്തതെന്നും പ്രസ്തുത സ്ഥാപനങ്ങളിൽ കൂടി പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോയെന്നും വിശദമാക്കാമോ? | (സി) | കയ്പമംഗലം, എസ്.എൻ പുരം പഞ്ചായത്തുകളിലാണ് ഇതുവരെ കേരഗ്രാമം പദ്ധതി നടപ്പിലാക്കാത്തത്. മാനദണ്ഡങ്ങൾ പാലിച്ച് വരും വർഷങ്ങളിൽ ഈ പഞ്ചായത്തുകളിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ